**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1696** **29-09-2025 - ൽ മറുപടിയ്ക്ക്**

**ഓണവിപണിയിലെ പച്ചക്കറിവില നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഓണത്തിന് പൊതുവിപണിയിലെ പച്ചക്കറികളുടെ വില നിയന്ത്രിക്കുന്നതിനായി സർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | **സംസ്ഥാനത്ത് ഓണക്കാലത്ത് പഴം-പച്ചക്കറി ഉൽപ്പന്നങ്ങളിൽ ഉണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിച്ച് ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിനും ഉൽപ്പാദിപ്പിക്കുന്ന കർഷകർക്ക് മെച്ചപ്പെട്ട വില ലഭിയ്ക്കുന്നതിനും കൃഷി വകുപ്പ് ഇടപ്പെട്ടു വരുന്നു. ടി ഇടപെടലിന്റെ ഭാഗമായി 2025-26 സാമ്പത്തിക വർഷത്തെ വില സ്ഥിരതയ്ക്കാവശ്യമായ വിപണി ഇടപെടൽ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഒട്ടാകെ 2000 കർഷക ചന്തകൾ സംഘടിപ്പിച്ചു.**<br><br>**ഇതിൽ എല്ലാ കൃഷി ഭവൻ പരിധിയിലും ഒന്ന് എന്ന തോതിൽ 1076 വിപണികൾ കൃഷി വകുപ്പ് നേരിട്ടും , 160 വിപണികൾ വി.എഫ്.പി.സി.കെ. വഴിയും, 764 വിപണികൾ ഹോർട്ടികോർപ്പുമാണ് നടത്തിയത്.**<br><br>**ഓണ വിപണിയിലൂടെ കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതുവിപണിയിലെ മൊത്ത വ്യാപാര വിലയേക്കാൾ 10% അധികം വില നൽകി സംഭരിക്കുകയും, ഓണ വിപണിയിലൂടെ വിൽപ്പന നടത്തുമ്പോൾ, പൊതു വിപണിയിലൂടെ ചില്ലറ വിൽപ്പന വിലയേക്കാൾ 30% വരെ കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്യു. ജൈവ പച്ചക്കറി ഉൽപ്പന്നങ്ങൾ സംഭരിക്കുമ്പോൾ, ടി ഉൽപ്പന്നങ്ങൾക്ക് പൊതു വിപണിയിൽ ലഭിയ്ക്കാവുന്ന മൊത്ത വ്യാപാര വിലയേക്കാൾ 20% അധിക വില നൽകി സംഭരിക്കുകയും ജൈവ ഉൽപ്പന്നങ്ങൾക്ക് പൊതുവിപണിയിൽ ലഭിയ്ക്കാവുന്ന ചില്ലറ വിൽപ്പന വിലയിൽ നിന്നും 10 % കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് വിൽപ്പന നടത്തുകയും ചെയ്യു. 2000 കർഷക ചന്തയിലൂടെ 1005 ലക്ഷം രൂപയുടെ 2510 മെട്രിക് ടൺ ഉത്പ്പന്നങ്ങൾ കർഷകരിൽ നിന്നും സംഭരിക്കുകയും ചെയ്തിട്ടുണ്ട്.സംസ്ഥാനത്ത് ലഭ്യമല്ലാത്ത പച്ചക്കറികൾ അയൽ** |

| | | | |
|---|---|---|---|
| | | | **സംസ്ഥാനങ്ങളിൽ നിന്നും ഹോർട്ടികോർപ്പ് മുഖേന സംഭരിച്ച ഈ വിപണികൾ മുഖേന ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ